## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *400      15-05-2017 -ൽ മറുപടിക്ക്

## വരൾച്ചാ ദുരിതാശ്വാസം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ. കെ.സി.ജോസഫ്**<br>**ശ്രീ. എൽദോസ് കുന്നപ്പിള്ളി**<br>**ശ്രീ. അനിൽ അക്കര** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കേരളത്തെ വരൾച്ച ബാധിത പ്രദേശമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; | എ) | വരൾച്ചാ മാനുവൽ 2009, 2016 എന്നിവ പ്രകാരം വരൾച്ച പ്രഖ്യാപിക്കുന്നത് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ കർത്തവ്യമാണ്. |
| ബി) | ഈ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ വരൾച്ചാ ദുരിതാശ്വാസത്തിന് സംസ്ഥാനത്തിന് പദ്ധതി വിഹിതമായി എന്ത് തുക ലഭിക്കും; | ബി) & സി) | പദ്ധതി വിഹിതമായി എന്തെങ്കിലും അധിക നിധി അനുവദിക്കുന്നതിന് പ്രത്യേക നടപടി ക്രമങ്ങൾ കേന്ദ്രത്തിന്റെ വരൾച്ചാ മാനുവലിൽ നൽകിയിട്ടില്ല. സംസ്ഥാന സർക്കാരിന്റെ 31.10.2016-ലെ സ.ഉ(പി) നം.555/2016/ഡി.എം.ഡി നമ്പർ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കപ്പെട്ട സംസ്ഥാനത്തെ 14 ജില്ലകളിലും, 2017-18 വർഷം മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 50 ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ ഭക്ഷ്യ-ധാന്യവും, മണ്ണെണ്ണയും, എണ്ണയും അധികമായി കേരളത്തിന് അനുവദിക്കണം എന്നും, കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും അധിക സഹായം അനുവദിക്കണം എന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും സംസ്ഥാനത്തിന് അധിക ധനസഹായം ലഭ്യമായിട്ടില്ല. |
| സി) | പദ്ധതി വിഹിതമായി സംസ്ഥാനത്തിനു ലഭിക്കുന്ന തുകയുടെ 65 ശതമാനം ജലലഭ്യത ഉറപ്പാക്കുന്ന പദ്ധതികൾക്കായി വിയോഗിക്കണമെന്ന് കേന്ദ്രം നിർദ്ദേശം നൽകിയിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ട് ഇത്തരം ഒരു നിർദ്ദേശം ലഭ്യമായിട്ടില്ല. |
| ഡി) | എങ്കിൽ ഇതു പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ? | ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ